ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സർ, ചോദ്യോത്തര സമയത്തു് ആരോപണ മുന്നയിക്കുന്നതു് അനുവദനീയമാണോ?

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 620.

പട്ടിക ജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും കിട്ടിയ ഉദ്യോഗങ്ങൾ

* 166 [620] ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യമുന്നണി ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം പബ്ലിക്ക സർവ്വീസുകമ്മിഷൻ മുഖാന്തിരം നടന്ന റിക്രൂട്ടുമെൻറിൻറെ ഫലമായി നടത്തിയ നിയമനങ്ങളിൽ പട്ടികവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കും, എത്ര ശതമാനം നിയമനം ലഭിച്ചുവെന്നു പറയുമോ; എത്ര ശതമാനം കിട്ടേണ്ടിയിരുന്നു;

(ബി) അവർക്കു് കിട്ടേണ്ടിയിരുന്ന പോസ്റ്റുകളും മാറ്റാർക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: സർ, ഹരിജനങ്ങൾക്കു് എത്ര ശതമാനം കിട്ടേണ്ടിയിരുന്നു എന്നുള്ള ചോദ്യത്തിനു് വിവരം ശേഖരിച്ചുവരുന്നു എന്നാണു് മറുപടി പറഞ്ഞിരിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: റൊട്ടേഷൻ അനുസരിച്ചു് എത്ര പോസ്റ്റിൽ ആളുകളുണ്ടോ അതിൻറെ ശതമാനം അനുസരിച്ചാണു് വരുന്നതു്. പി. എസ്. സി. മാത്രമല്ല ഡിസ്ട്രിക്റ്റു് റിക്രൂട്ടുമെൻറു് ബോർഡിലും റിക്രൂട്ടുചെയ്യുന്നുണ്ടു്. അതിൻറെയെല്ലാം വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണു്. എത്ര പോസ്റ്റിൽ ആളുകളെ എടുത്തിട്ടുണ്ടോ അതിനു് ആനുപാതികമായിട്ടേ വരികയുള്ളു.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ആ അനുപാതം ആണു് ചോദിച്ചതു്. അവർക്കു് എത്ര ശതമാനമാണു് കിട്ടേണ്ടിയിരുന്നതു്?

ശ്രീമതി കെ. ആർ. ഗൗരി: പോസ്റ്റു് എത്രയാണെന്നു അറിയാതെ പറയാനൊക്കുകയില്ല.

എയർകമ്പ്രസർ വിറ്റതിൽ അഴിമതി

* 167 [621] ശ്രീ. എം. കെ. ജോർജ്ജു്:
,, പാലോളി മുഹമ്മദുകുട്ടി
,, പി. കെ. കുഞ്ഞച്ചൻ
,, എസ്. ദാമോദരൻ
,, എൻ. പ്രഭാകരത്തണ്ടാർ
,, വി. എസ്. അച്ചുതാനന്ദൻ
,, പി. പി. കൃഷ്ണൻ
,, പി. ജി. പുരുഷോത്തമൻ പിള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റിബോർഡിലെ ഏതെങ്കിലും കോൺട്രാക്ടർക്കു് ഗവണ്മെൻറു് വക എയർകമ്പ്രസർ വാടകക്കു് കൊടുക്കുകയും വാടകയിനത്തിൽ ഗവണ്മെൻറിലേക്കു് അടച്ചതുക വിലയായി അംഗീകരിച്ചുകൊണ്ടു് പ്രസ്തുത മെഷീൻ അയാൾക്കുതന്നെ കൊടുക്കുന്നതിനു് ഗവണ്മെൻറു് ഉത്തരവാകുകയും ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ) എയർ കമ്പ്രസർ എന്ന ഒരു മെഷീൻ വിലയ്ക്കു കൊടുക്കാൻ തീരുമാനിച്ചപ്പോഴും അതിന്റെ അതുവരെയുള്ള വില വാടകയിൽ തട്ടിക്കഴിച്ചു് കൊടുക്കാമെന്നു തീരുമാനമായിട്ടുണ്ടു്.

(ബി) ദിവസ വാടകയ്ക്കോ മാസവാടകയ്ക്കോ കമ്പ്രസർ കൊടുക്കാമെന്നാണു് വ്യവസ്ഥ. മാസ വാടക 4,500 ക. യും ദിവസവാടക 225 ക. യും ആണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ദിവസംപ്രതി 8 മണിക്കൂർ ജോലിയുള്ള 20 ദിവസങ്ങളാണു് ഇക്കാര്യത്തിൽ ഒരു മാസമായി പരിഗണിച്ചിട്ടുള്ളതു്. കമ്പ്രസർ ഒരു ദിവസം 8 മണിക്കൂറിൽ കൂടുതൽ ജോലിചെയ്യാൽ അതിനു് കൺട്രാക്ടർ ഓവർടൈം റേറുവച്ചു് ഗവണ്മെന്റിനു് വാടക കൊടുക്കണം. എന്നാൽ മെഷീൻ 8 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുന്ന പതിവില്ല. രണ്ടോ മൂന്നോ മണിക്കൂർ ജോലി ചെയ്യാൽ തുടർന്നുള്ള രണ്ടുമൂന്നു മണിക്കൂർ ജോലി ചെയ്യാറില്ല. അങ്ങനെ ഏതാണ്ടു് 12 മണിക്കൂറിൽ രണ്ടോ മൂന്നോ ഷിഫ്റ്റു് ആയി മെഷീൻ ആറോ ഏഴോ മണിക്കൂർ മാത്രമേ ജോലി ചെയ്യുന്നുള്ള. പക്ഷേ ആദ്യത്തെ 8 മണിക്കൂറിനുശേഷമുള്ള സമയത്തിനു മുഴുവനും കൺട്രാക്ടർ ഓവർടൈം ചാർജ് കൊടുക്കണം. അതിനു് കൺട്രാക്ടർ സന്നദ്ധനല്ല എന്നറിയിച്ചു. ഈ സാഹചര്യത്തിൽ മെഷീൻ കൺട്രാക്ടർക്കു് വിലയ്ക്കുകൊടുക്കാമെന്നു തീരുമാനിച്ചു. നിലവിലുള്ള നിയമപ്രകാരവും, 5 കൊല്ലമോ അതിൽ കൂടുതലോ നീണ്ടുനില്ക്കുന്ന പണിക്കു് ഇത്തരത്തിലുള്ള മെഷീനുകൾ വിലയ്ക്കു കൊടുക്കാമെന്നു് നിയമമുണ്ടു്.

ശ്രീ. എം. കെ. ജോർജ്ജ്: മെഷീൻ വിലയ്ക്കു് കൊടുക്കുമ്പോഴും അതുവരെ ഈടാക്കിയ വാടക വിലയിൽ തട്ടിക്കഴിക്കുന്നതിന്റെ മാനദണ്ഡം എന്താണു്?

ശ്രീ. ടി. കെ. ദിവാകരൻ: അഞ്ചു കൊല്ലമോ അതിൽ കൂടുതലോ ഉള്ള ജോലിക്കു് ആണെങ്കിൽ മെഷീൻ വിൽക്കാമെന്നു നിയമമുണ്ടു്. ഈ കാര്യത്തിൽ കാൺട്രാക്റ്റർമാർ ചൂണ്ടിക്കാണിച്ച പ്രയാസങ്ങളും പരിഗണിച്ചു് വിലയ്ക്കു കൊടുക്കുകയും അതുവരെ നൽകിയിരുന്ന വാടക തട്ടിക്കഴിക്കുകയുമാണു് ചെയ്തിരിക്കുന്നതു്.

ശ്രീ. എം. കെ. ജോർജ്ജ്: അങ്ങനെയുള്ള വാടകയിനത്തിൽ എത്രരൂപയാണു് ഇളച്ചുകൊടുക്കേണ്ടി വന്നതെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. ദിവാകരൻ: 1,86,750 രൂപ

ശ്രീ. എസ്. ദാമോദരൻ: സർ, മെഷീൻ വിൽക്കാൻ തീരുമാനിച്ചാൽ അതിനുള്ള വില നിശ്ചയിച്ചു് ക്രമപ്പെടുത്തുകയല്ലാതെ മുൻകാലങ്ങളിൽ കൊടുത്തിരുന്ന വാടക തട്ടിക്കഴിക്കുന്ന നടപടി ക്രമപ്രകാരമാണോ എന്നറിയിച്ചാൽ കൊള്ളാം.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കാര്യം ഫൈനാൻസ് വകുപ്പിന്റെ അറിവോടും സമ്മതത്തോടുംകൂടി ചെയ്തിട്ടുള്ളതാണു്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മെഷീൻ ആദ്യം കൺട്രാക്ടർക്കു് വാടകയ്ക്കു കൊടുത്തപ്പോഴും ഏതാണ്ടു് ഒരു ലക്ഷത്തോളം രൂപ ഗവണ്മെന്റിനു വാടക കിട്ടിയതായിട്ടും, വിലയ്ക്കു കൊടുത്തതിനുശേഷം ഏതാണ്ടു് 2 ലക്ഷത്തോളം രൂപ ഗവണ്മെന്റു കൺട്രാക്ടർക്കു വാടക കൊടുത്തതായിട്ടാണു് കാണുന്നതു്. ഇതിനുമുമ്പുതന്നെ ഇതു പരിശോധിക്കേണ്ടതാണെന്നു സഭയിൽ ചൂണ്ടിക്കാണിച്ചശേഷവും ശരിയായ വിധത്തിൽ പരിശോധിച്ചശേഷമാണോ ട്രാൻസാക്ഷൻ നടത്തിയതെന്നു വ്യക്തമാക്കാമോ?

ശ്രീ. ടി. കെ. ദിവാകരൻ: അതിനുശേഷം ഗവണ്മെന്റിൽനിന്നു് എത്ര രൂപ വാടക കൊടുത്തു എന്നുള്ളതു സംബന്ധിച്ച വിവരം കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: വിലനിശ്ചയിച്ചതു് വാങ്ങിച്ച അവസരത്തിലുള്ള വിലയാണോ, അതോ വിൽക്കുമ്പോഴുള്ള വിലയാണോ?

ശ്രീ. ടി. കെ. ദിവാകരൻ: വാങ്ങിച്ച അവസരത്തിലുള്ള വിലയും, 20 ശതമാനം സ്റ്റോറേജും 20 ശതമാനം കൺവെയൻസു്, ചാർജ്ജും ഉൾപ്പെടെയുള്ള വിലയാണു് ഈടാക്കിയിട്ടുള്ളതു്.

ശ്രീ. കെ. കരുണാകരൻ: വാടക തട്ടിക്കഴിച്ചു കൊടുക്കുമ്പോൾ സംഖ്യയുടെ പലിശ ഗവണ്മെൻറു് വിലയിൽ കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. ടി. കെ. ദിവാകരൻ: പലിശയുടെ കാര്യത്തിൽ പ്രത്യേക നിർദ്ദേശം കൊടുത്തതായിക്കാണുന്നില്ല. ഗവണ്മെൻറിനു ലാഭകരമായ രീതിയിൽവേണം ഈ കാര്യം തീരുമാനിക്കേണ്ടതു് എന്നു് ചീഫ് ഇൻജിനീയർക്കു് നിർദ്ദേശം നൽകിയശേഷമാണു് ഓർഡർ കൊടുത്തതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇതു് വിലക്കു് വാങ്ങിയ കൺട്രാക്ടർ ആരാണു്? ആ കൺട്രാക്ടർക്കു് ഇതുമൂലം എത്ര ലാഭമുണ്ടായിട്ടുണ്ടു്? ഇതു് വിലയ്ക്കുകൊടുത്തതിനുശേഷം ഗവണ്മെൻറിൽനിന്നും കൺട്രാക്ടർക്കു് ഇതിൻെറ വാടകയിനത്തിൽ എന്തെങ്കിലും തുക കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. ദിവാകരൻ: മെ: പൈലിപ്പിള്ള ആൻഡു് കമ്പനിക്കാണു് ഇതു് വിലയ്ക്കു കൊടുത്തതു്. ഗവണ്മെൻറിൽനിന്നും പിന്നീടു് വാടക കൊടുത്തോ എന്നുള്ളതിനെ സംബന്ധിച്ച വിവരം കൈവശമില്ലെന്നുനേരത്തെ പറഞ്ഞു. 15-2-1967 ലാണു് ഈ മെഷീൻ വാങ്ങിച്ചതു്. അന്നത്തെ വിലയിൽ 20 ശതമാനം സ്റ്റോറേജും, 20 ശതമാനം കൺവെയൻസു് ചാർജ്ജും ഉൾപ്പെടുത്തിയാണു് വിറ്റതു്. മാർക്കറ്റു് വാല്യു എന്താണെന്നുള്ളതിനെ സംബന്ധിച്ചുള്ള വിവരം എൻെറ മുൻപിലില്ല. 2 കൊല്ലക്കാലത്തെ തേയ്മാനം വകവയ്ക്കാതെ, വാങ്ങിയ അതേവിലയ്ക്കാണു് കൊടുത്തിട്ടുള്ളതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പൈലിപ്പിള്ള ആൻഡു് കമ്പനി എന്നു പറയുന്നതു് ഇലക്ട്രിസിറ്റി ബോർഡിൽ നടന്ന കുംഭകോണങ്ങളെപ്പറ്റി ശങ്കരൻ കമ്മീഷൻ നടത്തിയ അന്വേഷണറിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള പൈലിപ്പിള്ള തന്നെയാണോ?

ശ്രീ. ടി. കെ. ദിവാകരൻ: നിശ്ചയമില്ല.

ശ്രീ. കെ. എം. മാണി: വിലയ്ക്കു കൊടുക്കാൻ നിയമമുണ്ടെങ്കിലും, ഫൈനാൻസു് വകുപ്പിൻെറ കൺകറൻസു് ലഭിച്ചിട്ടുണ്ടെങ്കിലും പഴയ വാടക വിലയിൽ തട്ടിക്കഴിക്കാൻ എന്തെങ്കിലും നിയമം അനുശാസിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. ദിവാകരൻ: കൺട്രാക്ടർ വാടകയ്ക്കു് എടുത്ത തീയതിവച്ചാണു് വിലയ്ക്കു കൊടുത്തിട്ടുള്ളതു്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ. ഈ ചോദ്യം ബഹുമാനപ്പെട്ട കൃഷിയും വിദ്യുച്ഛക്തിയും മന്ത്രിയോടാണു് ചോദിച്ചിട്ടുള്ളതു്, എന്നാൽ ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രിയാണു് മറുപടിപറയുന്നതു്. ഏതു ഡിപ്പാർട്ടുമെൻറിനെ ബാധിക്കുന്ന കാര്യമാണു്? അതു വിറ്റതു് ഏതു വകുപ്പാണു്?

ശ്രീ. ടി. കെ. ദിവാകരൻ: ഇറിഗേഷൻ വകുപ്പാണു്.

ശ്രീ. എസ്. ദാമോദരൻ: പൈലിപ്പിള്ളയ്ക്കു് ഇതു വിൽക്കുവാൻവേണ്ടി റിപ്പോർട്ടു ചെയ്തതും തീരുമാനമെടുത്തതുമാരാണു്?

ശ്രീ. ടി. കെ. ദിവാകരൻ: പൈലിപ്പിള്ള ഒരു അപേക്ഷ ഗവണ്മെൻറിനു് നൽകുകയും, ആ അപേക്ഷപ്രകാരം ഈ മെഷീൻ രണ്ടു രീതിയിൽ നൽകാവുന്നതാണെന്നു്

ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. ഒന്ന് ഇതുവരെയുള്ള വാടക കണക്കാക്കിയിട്ട് മൊവി വില കണക്കാക്കി കൊടുക്കുക, അതല്ലെങ്കിൽ വാങ്ങിയ കാലത്തുള്ള വിലയിൽ വാടക തട്ടിക്കഴിച്ച കൊടുക്കുക. ഇതിൽ രണ്ടാമത്തെ മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. എസ്. ദാമോദരൻ: ഈ മെഷീൻ ഗവണ്മെന്റു് പണം പറ്റാതെ ഈ പറഞ്ഞ കക്ഷികൾക്കു് വിറ്റ പരിതഃസ്ഥിതിയിൽ ഗവണ്മെന്റിനു് വിലയിനത്തിൽ വല്ലതും തിരിച്ചുകിട്ടുമോ?

ശ്രീ. ടി. കെ. ദിവാകരൻ: വാടക കഴിച്ചതിനു ശേഷമുള്ള തുക മൊത്തമായി ഗവണ്മെൻറിനു ലഭിച്ചിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ചു് അവസാനമായ ഉത്തരവു് ചീഫ് ഇഞ്ചിനീയർ കൺട്രാക്ടർക്കു് നൽകിയിട്ടുണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. ഇ. ജോൺജേക്കബ്ബു്: ഇതിന്റെ മൊത്തവിലവച്ചു് നോക്കുമ്പോൾ എത്രയാണു് ഡിപ്രീസിയേഷൻ തുക ഇളവു് ചെയ്തതു് എന്നു പറയുമോ?

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഇതു് 15-2-1967-ൽ ആണു് വാങ്ങിച്ചതു്. 1,42,080 രൂപയ്ക്കു വാങ്ങി 20 ശതമാനം സ്റ്റോറേജ് 28,416 രൂപയും കൺവെയ്സ് ചാർജ്ജും 20 ശതമാനം 2,301 രൂപയും ഇങ്ങനെ മൊത്തം 1,72,797 രൂപയ്ക്കാണു് ഈ മെഷീൻ വില നിശ്ചയിച്ചതു്. ഹയർ ചാർജസ് ഇനത്തിൽ 1,08,675 രൂപയാണു് തട്ടിക്കഴിച്ചിട്ടുള്ളതു്. ഈ രണ്ടു വർഷം ഉപയോഗിച്ച തേയ്മാനവും പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

ശ്രീ. എ. കെ. അപ്പു: ഈ മെഷീൻ വിൽക്കുവാൻ തീരുമാനിച്ച അവസരത്തിൽ അതിനു് എത്രമാത്രം മാർക്കറ്റുവില ഉണ്ടായിരുന്നുവെന്നു് പറയാമോ?

ശ്രീ. ടി. കെ. ദിവാകരൻ: ഫയലിൽ ആ വിവരം കാണുന്നില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ ഇടപാടിൽ ഒരു ലക്ഷത്തിൽ ശിഷ്ടം രൂപ വിലയുള്ള മെഷീനു് ഒരു ലക്ഷം രൂപ വാടക കൊടുക്കേണ്ടിവന്നതു് സംശയാസ്പദമായ രീതിയിൽ കാണുന്നതു കൊണ്ടു് ഇതിനെപ്പറ്റി ഒരന്വേഷണം നടത്തുവാൻ ഗവണ്മെന്റു് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ഈ കാര്യത്തിൽ സംശയാസ്പദമായി എന്തെങ്കിലും ഉള്ളതായി കാണുന്നില്ല. ഈ മെഷീൻകൊണ്ടു് എട്ടു മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യിച്ചാൽ ഓവർടൈം കൊടുക്കേണ്ടിവരും. അതുകൊണ്ടു് മണിക്കൂർ അടിസ്ഥാനത്തിൽ വാടക നിശ്ചയിക്കാതെ മാസവാടകയ്ക്കു കൊടുക്കുകയോ അല്ലെങ്കിൽ വിലയ്ക്കു നൽകുകയോ ചെയ്യണമെന്നു് കൺട്രാക്ടർ ആവശ്യപ്പെട്ട ആ നിലയ്ക്കാണു് മെഷീൻ കാൺട്രാക്ടർ വാടകക്കെടുത്ത നാലുമുതൽ വിലയ്ക്കു കൊടുത്തതു്.

ശ്രീ. എ. വി. ആര്യൻ: ഈ പൈലിപ്പിള്ള ചാക്കോപ്പിള്ള ഇലക്ട്രിസിറ്റി ബോർഡിൽ നടന്നു എന്നു പറയുന്ന കുംഭകോണത്തിൽ പങ്കാളിയാണെന്നും ഇദ്ദേഹം എറണാകുളത്തു സ്വന്തമായി ഒരു കെട്ടിടം പണിയിച്ചു് അഖിലേന്ത്യാ തലത്തിലുള്ള ഒരു രാഷ്ട്രീയപാർട്ടിക്കു് ഫണ്ടായി കൊടുത്തിട്ടുണ്ടെന്നുമുള്ള വിവരം ഗവണ്മെൻറിനു് അറിയാമോ?

മി. സ്പീക്കർ: ഈ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. എ. കെ. അപ്പു: ഈ ഇടപാടിൽ എന്തോ സംശയാസ്പദമായ സാഹചര്യം ഉണ്ടെന്നു മനസ്സിലാകുന്നതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് ശരിയായ ഒരന്വേഷണം നടത്തുവാൻ ഗവണ്മെന്റു് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് യോജിക്കുന്നില്ല. സംശയാസ്പദമായി യാതൊന്നും ഇല്ല. ഇതു ചെയ്തിട്ടുള്ള സാഹചര്യത്തെപ്പറ്റി വിശദീകരിച്ചു കഴിഞ്ഞതാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഒരു ലക്ഷം രൂപവിലയുള്ള കംപ്രസർ വിലയുള്ള വാങ്ങിക്കുകയും രണ്ടു ലക്ഷം രൂപയോളം വാടക കൊടുക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ വിലയുള്ള കൊടുത്തതുതന്നെ ഗവണ്മെന്റിനു ലാഭകരമല്ലെന്നുള്ളതിനെ പരിഗണിച്ച് ഒരു അന്വേഷണം നടത്തുവാൻ തയ്യാറാകുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെന്റ് വാടക കൊടുക്കുന്ന സാഹചര്യത്തെപ്പറ്റി അന്വേഷിക്കാൻ ഗവണ്മെന്റ് തയ്യാറാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ മെഷീൻ കൺട്രാക്ടർക്കു വിട്ടുകൊടുക്കുവാൻ തീരുമാനമെടുത്ത അവസരത്തിൽ ഈ മെഷീനു എന്തു മാർക്കറ്റു വിലയുണ്ടായിരുന്നുവെന്നു ഗവണ്മെന്റിനു അറിയാമായിരുന്നോ?

ശ്രീ. ടി. കെ. ദിവാകരൻ: ഈ മെഷീൻ ഇൻഡ്യയിൽതന്നെ ഉണ്ടാക്കിയതാണ്. അന്നത്തെ മാർക്കറ്റു വിലയെന്താണെന്നു ഫയലിൽ കാണുന്നില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ മെഷീൻ കൺട്രാക്ടർക്കു വിൽക്കുവാൻ തീരുമാനമെടുത്തതു ഗവണ്മെന്റിനു കൈവശംവച്ചു ഉപയോഗിക്കുവാൻ കഴിയുകയില്ലെന്നു വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. ടി. കെ. ദിവാകരൻ: ഇക്കാര്യത്തിൽ ഗവണ്മെന്റിനെ ഉപദേശിച്ചിട്ടുള്ളതു ഇതിന്റെ ചുമതല വഹിക്കുന്ന ചീഫ് എഞ്ചിനീയറാണ്. ഇതു കൈവശംവച്ചിരുന്നാൽ മെയിന്റനൻസ് ഇനത്തിലും ടയർ ഇനത്തിലും വലിയ തുക ചെലവാകുന്നുള്ള സാഹചര്യം ഉണ്ട്; ആ നിലയുള്ള കൈമാറ്റം ചെയ്യുന്നതാണ് നല്ലതെന്നു ചീഫ് എഞ്ചിനീയർ ഗവണ്മെന്റിനെ ഉപദേശിക്കുകയുണ്ടായി.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഈ എയർ കംപ്രസർ ഗവണ്മെന്റിനു ആവശ്യമുണ്ടെന്നു പറഞ്ഞു റിപ്പോർട്ടു ചെയ്തതു ആരാണ്, ഇതു വാങ്ങുന്നതിനു തീരുമാനമെടുത്തതു എന്തു അടിസ്ഥാനത്തിലാണ് ?

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഇതു വാങ്ങാൻ ഇടയായ സാഹചര്യത്തെക്കുറിച്ചു പറയണമെങ്കിൽ നോട്ടീസ് വേണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഗവണ്മെന്റിനു ഈ മെഷീൻ ആവശ്യമായിരിക്കെ ഇതു വിലയുള്ള കൊടുത്തതുകൊണ്ടല്ലെ കൺട്രാക്ടർക്കു വാടക കൊടുക്കേണ്ടിവന്നതു ?

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെന്റു വാടക കൊടുക്കുവാൻ ഉണ്ടായ സാഹചര്യത്തെപ്പറ്റി അന്വേഷിക്കുന്നതാണ്.

ശ്രീ. ബി. മാധവൻ നായർ: ഇപ്പോഴും ഈ എയർ കംപ്രസ്സർ ഉപയോഗിച്ചു ജോലികളും നടക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അവയുടെ ഫൈനൽ ബിൽ കൊടുത്തിട്ടുണ്ടോ എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴും ജോലി നടക്കുന്നുണ്ടോ എന്നു പരിശോധിച്ചിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: രണ്ടു ലക്ഷത്തിൽ ചിലപ്പോൾ ഉറപ്പിക വാടകയിനത്തിൽ കൊടുക്കുന്നുണ്ടോ എന്നു അന്വേഷിക്കാമെന്നു പറഞ്ഞു. ഒരു ലക്ഷം രൂപയുടെ മെഷീനു രണ്ടു ലക്ഷം രൂപ വാടക കൊടുക്കേണ്ടിവന്നുവെന്നതിനെക്കുറിച്ചുകൂടി അന്വേഷിക്കാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദിവാകരൻ : പ്രഥമദൃഷ്ട്യാ അഴിമതിയുണ്ടെന്നു് ആരും പറഞ്ഞില്ല. അതു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമാണു്. വിൽക്കാനിടയായ സാഹചര്യത്തെപ്പറ്റി വിശദീകരിച്ചു കഴിഞ്ഞു. പി. ഡബ്ലിയു. ഡി. കോഡു് അനുവദിക്കുന്ന രീതിയിലാണു് ചെയ്തിട്ടുള്ളതു്. വാടക കൊടുക്കേണ്ടിവന്നതിൽ തെറ്റായി എന്തെങ്കിലുമുണ്ടോ എന്നു് അന്വേഷിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി : എയർ കംപ്രസ്സറിനു് വാടക ഈടാക്കിക്കൊണ്ടിരുന്ന കാലത്തു് അതിന്റെ റിപ്പെയറിംഗ് ചാർജസ് ആരാണു് വഹിച്ചതു്, വാടകയും റിപ്പെയറിംഗ് ചാർജസും തമ്മിൽ പൊരുത്തമുണ്ടോ, എത്രമാത്രം തുക റിപ്പെയറിംഗ് ചാർജസ് ആയി ചെലവായിട്ടുണ്ടു് ?

ശ്രീ. ടി. കെ. ദിവാകരൻ : വാടക ഈടാക്കിയിരുന്ന കാലത്തു് റിപ്പെയറിംഗിനു് എന്തു ചെലവായി എന്നു് നോട്ടീസു കൂടാതെ പറയാൻ കഴിയുകയില്ല.

കൃഷിവകുപ്പു മന്ത്രിയുടെ പേരിൽ ഉന്നയിച്ച ആരോപണങ്ങൾ

* 168 [622] ശ്രീ. കെ. ജി. നീലകണ്ഠൻ നമ്പൂതിരിപ്പാടു് : താഴെ കാണുന്ന ചോദ്യത്തിനു് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ :

കൃഷിവകുപ്പു മന്ത്രിയുടെ പേരിൽ ചില ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടു് സസ്പെൻഷനിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥനായ ശ്രീ. സി. കെ. എൻ. നായർ ഒരു പരസ്യ പ്രസ്താവനയിറക്കിയതിന്മേൽ, ഗവണ്മെന്റു് എന്തെങ്കിലും നടപടിയെടുത്തുവോ ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

നടപടിയെടുക്കാനാവശ്യമായ പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടു്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : എന്തു നടപടിയാണു് എടുക്കാൻ ഉദ്ദേശിക്കുന്നതെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇപ്പോഴത്തെ ആ ഉദ്യോഗസ്ഥൻ ഒരു അന്വേഷണത്തിനു വിധേയനായി സസ്പെൻഷനിലിരിക്കുകയാണു്. അദ്ദേഹത്തെ സംബന്ധിച്ച ആരോപണങ്ങൾ ഒരു ട്രിബ്യൂണലിന്റെ മുൻപിൽ ഇരിക്കുകയാണു്. അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റു സംബന്ധിച്ച വിവരങ്ങളും അദ്ദേഹത്തിന്റെ മറുപടിയും സ്വീകരിച്ചുകഴിഞ്ഞശേഷം ട്രിബ്യൂണൽ തീരുമാനമെടുക്കുന്നതനുസരിച്ചായിരിക്കും നടപടി.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : അദ്ദേഹത്തിന്റെമേൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ എന്തെല്ലാമാണു്; അവ യാഥാർത്ഥ്യങ്ങളാണോ എന്നു പരിശോധിക്കാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : വേറെ ചോദ്യമായി ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. പി. എസ്. നമ്പൂതിരി : ഈ ഉദ്യോഗസ്ഥനെപ്പറ്റി ആരോപണങ്ങൾ ട്രിബ്യൂണലിന്റെ മുൻപിൽ ഉണ്ടെന്നു പറഞ്ഞു. ഇതിനു മുൻപുണ്ടായ നടപടികൾ സംബന്ധിച്ചാണതു്. അതുകൂടാതെ, സർവീസിലിരിക്കുന്നയാൾ മന്ത്രിക്കെതിരായി പ്രസ്താവന പുറപ്പെടുവിച്ചതു് സർവീസ് റൂൾസിന്റെ ലംഘനമാണെന്ന നിലയിൽ പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതും പരിശോധിച്ചേ അവസാന തീരുമാനമെടുക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly